# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1954** **04.05.2017-ൽ മറുപടിക്ക്**

## സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തീകരിക്കാനുള്ള നിയോജക മണ്ഡലങ്ങൾ

| | ചോദ്യം<br>ശ്രീ. ടി. വി. ഇബ്രാഹിം : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയായിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) & (ബി) | വനം വകുപ്പിൽ നിന്നുള്ള അനുമതി ലഭിക്കേണ്ടത്, മറ്റുള്ളവരുടെ ഭൂമിയിലൂടെ ലൈൻ വലിക്കുന്നതിൽ തടസ്സമുള്ളത്, വയറിംഗ് പൂർത്തിയാക്കി അപേക്ഷ നൽകാൻ കഴിയാത്തത് മാർച്ച് അവസാനം മാത്രം അപേക്ഷ ലഭിച്ചതുമായ ഉപഭോക്താക്കൾ തുടങ്ങിയ കാരണങ്ങളാൽ ബാക്കി നിൽക്കുന്നവ ഒഴിച്ച് പ്രയോഗികമായി കണക്ഷൻ നൽകുന്നതിന് കഴിയാവുന്ന മുഴുവൻ വീടുകൾക്കും വൈദ്യുതി നൽകികൊണ്ട് സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാക്കിയിട്ടുണ്ട്.<br>ഇങ്ങിനെ ബാക്കി വന്ന വീടുകൾക്കും കണക്ഷനുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഈ പദ്ധതിക്ക് വേണ്ടി വൈദ്യുതി കണക്ഷനുള്ള അപേക്ഷ ലഘൂകരിക്കൽ, 1000 സ്ക്വയർമീറ്ററിൽ താഴെയുള്ള വീടുകൾക്ക് കൈവശാവകാശ രേഖകൾ ഒഴിവാക്കൽ തുടങ്ങി വിവിധ നടപടികളിലൂടെ മുൻകാലങ്ങളിൽ വൈദ്യുതി കണക്ഷൻ നൽകാൻ കഴിയാതിരുന്ന വീടുകൾക്ക് കൂടി കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ വിവിധ കാരണങ്ങളാൽ ഇനിയും വൈദ്യുതീകരണം പൂർത്തീകരിച്ചിട്ടില്ലാത്ത മണ്ഡലങ്ങൾ അരുവിക്കര, ചാലക്കുടി, ദേവികുളം, ഇടുക്കി, കൽപ്പറ്റ, മാനന്തവാടി, പീരുമേട്, പെരുമ്പാവൂർ, കോതമംഗലം, പുനലൂർ, സുൽത്താൻബത്തേരി, തൊടുപുഴ എന്നിവയാണ്. ഈ മണ്ഡലങ്ങളും പ്രവർത്തനം പൂർത്തീകരിക്കാനുള്ള നടപടികൾ നടന്നുവരികയാണ്. |
| (ബി) | ഏതെങ്കിലും നിയോജക മണ്ഡലങ്ങളിൽ പൂർത്തീകരിക്കാൻ ബാക്കിയുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം മണ്ഡലങ്ങളിൽ ; അതിന്റെ കാരണം വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| (സി) | ഇതിന് വേണ്ടി സംസ്ഥാന സർക്കാർ, ഇലക്ട്രിസിറ്റി ബോർഡ്, എം.എൽ.എ.മാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവർ ചെലവിട്ട തുക എത്രയെന്ന് വിശദീകരിക്കാമോ ? | (സി) | പദ്ധതി പൂർത്തിയാകാത്തതിനാൽ വിവിധ വകുപ്പുകൾ ചെലവിട്ട തുക സംബന്ധിച്ച് വ്യക്തമായ കണക്കുകൾ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ